Reg. No. : ..............................

Name : ..................................

DON BOSCO ARTS AND SCIENCE COLLEGE LIBRARY

# M 6624

## First Semester B.A. /B.Sc. Degree Examination, November 2009
## MALAYALAM (Common)
## Course – I : സാഹിത്യപഠനങ്ങൾ (കോമൺ കോഴ്സ്) (IA07 MAL)
## (2009 Admns.)

Time : 3 Hours Total Weightage : 30

I. നാലു വിഭാഗം ചോദ്യത്തിന് ഉത്തരമെഴുതുക : **(1×4=4 വെയിറ്റേജ്)**

1) a) ''ചരിത്രത്തിന്റെ കിനാവുകൾ'' എന്ന കവിത രചിച്ചതാര് ?

b) ഈ കവിത ഏതു സമാഹാരത്തിലുള്ളത് ?

c) ഈ കവിതയിലെ പ്രമേയം എന്ത് ?

d) സംസ്ക്കാരത്തിന്റെ ചിത ഏത് ?

2) ''അങ്ങനെ ചെയ്തു നാമും
അക്കിടങ്ങാദ്യം ചാടി''

a) എന്താണു ചെയ്തത് ?

b) ചെയ്തതാര് ?

c) കവിതയുടെ പേരെന്ത് ?

d) കവിയാര് ?

3) ''പുകയുടെ തുമ്പിക്കൈ ചുറ്റിപ്പടരുന്നു.''

a) 'പുകയുടെ തുമ്പിക്കൈ' എന്നതിന്റെ പൊരുളെന്ത് ?

b) പുക പടരുന്നതെവിടെ ?

c) ഏതു കവിതയിലെ പരാമർശമാണിത് ?

d) ഈ വരി എഴുതിയതാര് ?

4) 'എന്നെ സഹായിച്ചത് ഈ അമ്മവാര്യസ്യാരാണ്.'

a) ആരുടെ ഓർമ്മകൾ

b) വാര്യാസ്യാര് സഹായിച്ചതെങ്ങനെ ?

c) എവിടെ വച്ചായിരുന്നു സഹായം കിട്ടിയത് ?

d) ഓർമ്മകൾ തെളിയുന്ന കൃതി ഏത് ?

P.T.O.

5) ''പൊതുധാരാ എഴുത്ത് നെടുകേപിളരുകയും
'പെണ്ണെഴുത്തും' 'പുരുഷാധിപത്യ നിലപാടുള്ള
എഴുത്തും' എന്നു പിരിയുകയും ചെയ്തു.''

a) ഈ ആശയം എവിടെയാണുള്ളത് ?

b) പൊതുധാരാ എഴുത്തിന് എന്തു സംഭവിച്ചു ?

c) പുരുഷാധിപത്യ നിലപാടുള്ള എഴുത്ത് എന്നാലെന്ത് ?

d) ഈ വസ്തുതകൾ ചൂണ്ടിക്കാട്ടുന്നതാര് ?

II. **എഴുപത്തിയഞ്ചു (75)** വാക്കിൽ കവിയാതെ **നാലു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :
**(1×4=4 വെയിറ്റേജ്)**

6) 'ഇടയുള്ളോർ വാദിപ്പിൻ – മാർഗ്ഗവും ലക്ഷ്യവു
മിടറിയോ, ഞാനൊന്നു തലചായ്ക്കട്ടെ' –
ആന്തരാർത്ഥം എഴുതുക.

7) ആഫ്രിക്കയെ ചൂഷണം ചെയ്യുന്ന വെള്ളക്കാരനെ എൻ. വി. മുൾമുനയിൽ നിർത്തുന്നതെങ്ങനെ ?

8) 'കൃപരുടെ ഈ ദൗർബ്ബല്യത്തെക്കാൾ ഭേദമാണ്
അശ്വത്ഥാമാവിന്റെ അഭിനിവേശം' – വിശദീകരിക്കുക.

9) 'ഈമട്ടിൽ പൊതുജനപ്രീതിയും പോക്കറ്റുമണിയും പെരുകി വന്നതോടെ എന്റെ വിചാരഗതിക്കും മാറ്റം വന്നു' – ആരുടെ വിചാരഗതിക്കാണ് മാറ്റം വന്നത് ?

10) 'തുണിക്കു ചായം കൊടുക്കുന്നതിനു പകരം ഇവിടെ മരണമാണോ നടക്കുന്നത്.' ഇങ്ങനെ ചിന്തിക്കാൻ കാരണമെന്ത് ?

III. **നൂറ്റമ്പതു (150)** വാക്കിൽ കവിയാതെ **അഞ്ചു** ചോദ്യത്തിന് ഉത്തരമെഴുതുക :
**(2×5=10 വെയിറ്റേജ്)**

11) പുതിയ പുതിയ തറവാടുകളിൽ നിന്ന്
പുക ഉയരുന്നു;
നിലം തൊടാതെ – വൃക്ഷത്തിന്റെ പ്രേതരൂപങ്ങളായി. തറവാടിന്റെ ഘടന എന്ത് ? പുകയുടെ വഴി ഏത് ?

12) 'അസ്തശങ്കമായ്, സ്വാഭാവികമായി, സസ്നേഹമാ –
യത്രയുമനാർഭാടമായവരതുചെയ്തു' –
ആശയമെഴുതുക. ഇവിടെ തെളിയുന്ന ജീവിത സന്ദേശം എന്ത് ?

13) ''ലോകമാസകലം 'ഇക്കോട്ടറിസം' 'ഇക്കൊ' നഷ്ടപ്പെട്ട് വെറും ടൂറിസമായി നിലംപൊത്തിക്കൊണ്ടിരിക്കുമ്പോഴാണ് ഇവിടെ ഈ കോപ്രായം'' ഈ ചിന്തയുടെ അടിസ്ഥാനമെന്ത് ?

14) 'പെണ്ണെഴുത്തും' സ്ത്രീരചന'യും പൊരുത്തമില്ലാതെ നിൽക്കുന്നതെവിടെ ?

15) 'ആഭിജാത്യത്തിന്റെ പട്ടം കെട്ടി ബ്രാഹ്മണ്യത്തിന്റെ തിടമ്പെഴുത്തള്ളിച്ച് നിർത്തിയിരുന്ന വൈദിക മതംഗജം വിപ്ലവത്തിന്റെ കതിനവെടി കേട്ടു ഞെട്ടി ആചാരക്കൂമ്പു പൊട്ടിച്ച് വിരണ്ടോടിയത് അന്നായിരുന്നു.' – സന്ദർഭവും ആശയവും എഴുതുക.

16) 'കാവു തീണ്ടൽ' എന്ന പ്രയോഗം സുഗതകുമാരി അർത്ഥവത്താക്കുന്നതെങ്ങനെ ?

IV. **മൂന്നൂറു** വാക്കിൽ കവിയാതെ **മൂന്നു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :

**(4×3=12 വെയിറ്റേജ്)**

17) 'പരസ്പര സംഘർഷത്തിൽ കലാശിക്കേണ്ട ഒരു കഥ ഹൃദയ സംവാദമായി പരിണമിക്കുന്ന ചിത്രമാണ് 'ഷെർലക്ക്' പകരുന്നത്' – നിരൂപിക്കുക.

18) 'പ്രതികരിക്കാനുള്ള കെല്പ് കൈമോശം വന്ന മലയാളി സമൂഹമാണ് കൊച്ചിയിലെ വൃക്ഷങ്ങളിൽ തെളിയുന്നത്' – വിലയിരുത്തുക.

19) 'ചിരഞ്ജീവികളിൽ പ്രമുഖനാണെങ്കിലും അശ്വത്ഥാമാവ് ശപിക്കപ്പെട്ടവനാണ്' – ഈ നിഗമനത്തിന്റെ അടിസ്ഥാനമെന്ത് ?

20) ''ചരിത്രത്തിന്റെ തലകീഴ്മറിയൽ രാഷ്ട്രീയം നോവൽവത്കരിക്കുന്ന ഒരു നിശിതമായ രചനയാണ് മരക്കാപ്പിലെ തെയ്യങ്ങൾ' – വിമർശിക്കുക.

---